"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീ. ഷിബിൻ കെ.കെ, യു.ഡി. ക്ലാർക്ക് ശ്രീ. ഗോകുൽ ദാസ് പി.എം. എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.725/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/03/2019

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 31.01.2014-ലെ ഇ12 (എസ് സി 39/13/കെകെടി) 23479/2013 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 16.04.2014-ലെ 1984/ഡി1/2014/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 15.07.2014-ലെ 34974/ഇപിബി3/2014/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. ഗോകുൽദാസ് പി.എം, ശ്രീ. ഷിബിൻ കെ.കെ, എന്നിവർ യഥാക്രമം 29.09.2014, 01.10.2014 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 26.05.2016-ലെ ഡി1-30759/14 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിലും മൊടക്കല്ലൂർ എം.എം.സി. ഹോസ്പിറ്റലിലും 23.09.2013-ൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ മൊടക്കല്ലൂർ എം.എം.സി. ഹോസ്പിറ്റലിൽ നിന്നും 2012-13 അർദ്ധ വർഷത്തിൽ തൊഴിൽ നികുതിയിനത്തിൽ അടവാക്കിയ തുകയിൽ കുറവ് വന്നതായി കണ്ടെത്തി. തുടർന്ന് തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അത്തോളി ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്ക് ശ്രീ. ഷിബിൻ കെ.കെ, യു.ഡി. ക്ലാർക്ക് ശ്രീ. ഗോകുൽ ദാസ് എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മൊടക്കല്ലൂർ എം.എം.സി. ഹോസ്പിറ്റൽ ചെയർമാനിൽ നിന്നും 2012-13 2-ാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയ അത്തോളി ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ നടപടി ക്രമപ്രകാരമല്ലായെന്നും, എം.എം.സി. ഹോസ്പിറ്റലിലെ വിവിധ വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ മറച്ചുവച്ച് തൊഴിൽ നികുതി സംബന്ധിച്ച് വ്യാജ സത്യവാങ്മൂലം സമർപ്പിച്ച സ്ഥാപനത്തിനെതിരെ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ചില്ലായെന്നുമുള്ള ആരോപണങ്ങൾ മുൻനിർത്തി ശ്രീ. ഷിബിൻ കെ.കെ, ശ്രീ. ഗോകുൽ ദാസ് പി.എം. എന്നിവർക്കെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. ഷിബിൻ കെ.കെ, ശ്രീ. ഗോകുൽ ദാസ് എന്നിവർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. ഷിബിൻ കെ.കെ. സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ അത്തോളി ഗ്രാമപഞ്ചായത്ത് ഓഫീസിലെ എല്ലാ സെക്ഷനുകളുടെയും മേൽനോട്ട ച്ചുമതല ഹെഡ് ക്ലാർക്കിനാണെന്നും എം.എം.സി. ഹോസ്പിറ്റൽ ചെയർമാൻ 2012-13 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ സത്യവാങ്മൂലം സഹിതമുള്ള ജീവനക്കാരുടെ പട്ടിക മുൻ അർദ്ധവർഷത്തെ പട്ടികയുമായി താരതമ്യം ചെയ്യുവെങ്കിലും ജീവനക്കാർ പട്ടികയിൽ നിന്നും വിട്ടുപോയിട്ടുണ്ടോ എന്നും ജീവനക്കാരുടെ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ എന്നും പരിശോധിച്ചതിനുശേഷം നികുതി വാങ്ങിയാൽ മതിയെന്ന് സെക്ഷൻ ക്ലാർക്കിന് നിർദ്ദേശം നൽകിയതായും ക്ലാർക്ക് അപ്രകാരം പ്രവർത്തിക്കുന്നത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്ന് ശ്രീ. ഷിബിൻ കെ.കെ. ബോധിപ്പിച്ചതായും എന്നാൽ ഇക്കാര്യം പരിശോധിച്ചതിൽ സെക്ഷൻ ക്ലാർക്കിന് നിർദ്ദേശം രേഖാമൂലം നൽകിയതായി ബന്ധപ്പെട്ട ഫയൽ, സ്ഥാപന ഉടമ സമർപ്പിച്ച പട്ടിക എന്നിവ പരിശോധിച്ചതിൽ നിന്നും കാണാൻ കഴിഞ്ഞിട്ടില്ലെന്നും മേൽ നിർദ്ദേശം വാക്കാൽ നൽകിയതാവാമെന്ന് അനുമാനിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ചട്ടം 205 എഫ് 2 പ്രകാരം ഒരു സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ശേഖരിച്ച് അടവാക്കേണ്ടതും എല്ലാ ജീവനക്കാരുടെ പട്ടിക, നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന സാക്ഷ്യപത്രം സഹിതം പഞ്ചായത്തിന് ലഭ്യമാക്കേണ്ടത് സ്ഥാപന മേധാവിയുടെ നിയമപരമായ ബാധ്യതയാണെന്നും ആയതിനാൽ ശ്രീ. കെ.കെ. ഷിബിൻ എതിർവാദ പത്രികയിൽ പരാമർശിച്ചിട്ടുള്ളത് പരിഗണിക്കാവുന്നതാണെന്നും എന്നാൽ തൊഴിലുടമ ലഭ്യമാക്കിയ പട്ടികയിൽ ജീവനക്കാരന്റെ പേര്, ആകെ തുക, ഈടാക്കിയ നികുതി എന്നിവ ഒഴികെ ആവശ്യമായ മറ്റ് വിവരങ്ങൾ ഉൾപ്പെടേണ്ട കോളങ്ങൾ പൂരിപ്പിക്കാതെ സമർപ്പിച്ച അപൂർണ്ണമായ പട്ടിക സ്വീകരിച്ചത് പിഴവാണെന്നും, തൊഴിൽ നികുതി ചട്ടം ഭേദഗതികൾക്കനുസൃതമായി ഫോറങ്ങളും മറ്റും ചട്ടത്തിൽ ഉൾപ്പെടുത്തിയില്ല എന്ന വാദം അംഗീകരിക്കാവുന്നതല്ലെന്നും തൊഴിലുടമ സമർപ്പിച്ച പട്ടികയിലെ വിവരങ്ങളുടെ കൃത്യത ഉറപ്പ വരുത്തുന്നതിന് തൊഴിൽ നികുതി ചട്ടം റൂൾ 18(3)- ൽ നിഷ്കർഷിച്ചതും തൊഴിലുടമ സൂക്ഷിക്കേണ്ടതുമായ V - ാം നമ്പർ രജിസ്റ്ററുമായി താരതമ്യം ചെയ്യേണ്ടതുണ്ടെന്നും എന്നാൽ ഇപ്രകാരമുള്ള V - ാം നമ്പർ രജിസ്റ്റർ പരിശോധിച്ച് തൊഴിലുടമ നൽകിയ പട്ടികയുടെ വിവരങ്ങളുടെ കൃത്യത ഉറപ്പ വരുത്തിയതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഫയലിൽ കാണാൻ കഴിഞ്ഞിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. ഗോകുൽദാസ് സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ കേരള പഞ്ചായത്ത് രാജ് ചട്ടം 2 0 5 എഫ് 2 പ്രകാരം ഒരു സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ശേഖരിച്ച് അടവാക്കേണ്ടതും എല്ലാ ജീവനക്കാരുടെ പട്ടിക, നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന സാക്ഷ്യപത്രം സഹിതം പഞ്ചായത്തിന് ലഭ്യമാക്കേണ്ടത് സ്ഥാപന മേധാവിയുടെ നിയമപരമായ ബാധ്യതയാണെന്നും എന്നാൽ തൊഴിലുടമ ലഭ്യമാക്കിയ പട്ടികയിൽ ജീവനക്കാരന്റെ പേര്, ആകെ തുക, ഈടാക്കിയ നികുതി എന്നിവ ഒഴികെ ആവശ്യമായ മറ്റ് വിവരങ്ങൾ ഉൾപ്പെടേണ്ട കോളങ്ങൾ പൂരിപ്പിക്കാതെ സമർപ്പിച്ച അപൂർണ്ണമായ പട്ടിക സ്വീകരിച്ചത് പിഴവാണെന്ന് കാണുന്നുവെന്നും തൊഴിലുടമ സമർപ്പിച്ച പട്ടികയിലെ വിവരങ്ങളുടെ കൃത്യത ഉറപ്പ വരുത്തുന്നതിന് തൊഴിൽ നികുതി

ചട്ടം റൂൾ 18(3)- ൽ നിഷ്കർഷിച്ചതും തൊഴിലുടമ സൂക്ഷിക്കേണ്ടതുമായ V-ാം നമ്പർ രജിസ്റ്ററുമായി താരതമ്യം ചെയ്യേണ്ടതാണെന്നും എന്നാൽ ഇപ്രകാരമുള്ള V-ാം നമ്പർ രജിസ്റ്റർ പരിശോധിച്ച് തൊഴിലുടമ നൽകിയ പട്ടികയുടെ വിവരങ്ങളുടെ കൃത്യത ഉറപ്പ വരുത്തിയതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഫയലിൽ കാണാൻ കഴിഞ്ഞിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹെഡ് ക്ലാർക്ക് ശ്രീ. ഷിബിൻ കെ.കെ, സീനിയർ ക്ലാർക്ക് ശ്രീ. ഗോകുൽദാസ് എന്നിവർ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം 18(3) ൽ നിഷ്കർച്ചിട്ടുള്ളതും തൊഴിലുടമ സൂക്ഷിക്കേണ്ടതുമായ V-ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്റർ പരിശോധിച്ച് ലഭിച്ച വിവരങ്ങളുടെ കൃത്യത ഉറപ്പ വരുത്തിയിട്ടുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായതായി കാണുന്നു. ഈ സാഹചര്യത്തിൽ അത്തോളി ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ. ഷിബിൻ കെ.കെ, സീനിയർ ക്ലാർക്ക് ശ്രീ. ഗോകുൽദാസ് എന്നിവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്.മോഹൻദാസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ശ്രീ. ഷിബിൻ കെ.കെ, മുൻ ഹെഡ് ക്ലാർക്ക്, അത്തോളി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. ശ്രീ. ഗോകുൽദാസ് പി.എം, മുൻ യു.ഡി. ക്ലാർക്ക്, അത്തോളി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
8. ഡയറകർ. ഐ.കെ.എം.. തിരുവനന്തപുരം

9. വിജിലൻസ് വകുപ്പ്

(യു.ഒ റിമാർക്സ് നം.വിജി.ഡി1/870/2018/വിജി. തീയതി 09.08.2018പ്രകാരം)

10. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/338/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ